**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2565** **17.08.2017 ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | മദ്യത്തിന്റേയും ലഹരി പദാർത്ഥങ്ങളുടേയും ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളേയും യുവജനങ്ങളേയും ബോധവത്ക്കരിക്കുന്നതിന് എക്സൈസ് കമ്മീഷണർ നേരിട്ട് 365-ൽ അധികം സ്കൂളുകളിലും കോളേജുകളിലും ക്ലാസ്സുകൾ നടത്തുകയുണ്ടായി.<br>സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ. എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ- "വിമുക്തി" എന്ന ബൃഹത്തായ പദ്ധതിയ്ക്ക് രൂപം നൽകി വിവിധ പദ്ധതികൾ സംഘടിപ്പിച്ചു വരുന്നു.<br>സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് എല്ലാ വർഷവും ലഹരി വിരുദ്ധ ബോധവൽക്കരണ പവലിയൻ ഒരുക്കി പ്രദർശനം നടത്തി വരുന്നു. ദേശീയ യുവജനദിനത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ സ്കൂൾ/കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് "ലഹരിക്കെതിരെ യുവത്വം" എന്ന വിഷയത്തിൽ പോസ്റ്റർ രചന മത്സരം നടത്തിയിട്ടുള്ളതാണ്. വിമുക്തി മിഷന്റെ ഭാഗമായി 2017 ജനുവരി 30 ന് സംസ്ഥാനത്തെ എല്ലാ സ്കൂൾ അസംബ്ളികളിലും വിദ്യാർത്ഥികളും, അധ്യാപകരും ലഹരിക്കെതിരെ പ്രതിജ്ഞ എടുത്തിട്ടുണ്ട്. പി.റ്റി.എ. കളുമായി സഹകരിച്ചു കൊണ്ട് ലഹരിയുടെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തുന്നതിന് 2815 ബോധവത്ക്കരണ ക്ലാസ്സുകളും, പൊതുവായി 2527 ഓളം ബോധവത്ക്കരണ പരിപാടികളും, ചർച്ചകളും, പ്രഭാഷണങ്ങളും, നടത്തിയിട്ടുള്ളതാണ്.<br>ലഹരി വിരുദ്ധ ബോധവത്ക്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ ആശയങ്ങളട |

| | | | |
|---|---|---|---|
| | | | ങ്ങിയ ഹ്രസ്വ ചിത്രങ്ങൾ, ബോധവത്ക്കരണ ക്ലാസ്സുകൾ പി.റ്റി. എ കളുമായി സഹകരിച്ചു കൊണ്ട് ബോധവത്ക്കരണ മീറ്റിംഗുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നു. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേര് വിവരം വെളിപ്പെടുത്താതെ ലഹരി വസ്തുക്കളുടെ വിപണനം, ഉപഭോഗം എന്നിവ അറിയിക്കുന്നതിനായി 1385 സ്കൂൾ/ കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടി സ്ഥാപിച്ചു കഴിഞ്ഞു. മുഴുവൻ സ്കൂൾ/ കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ 2017-18 അദ്ധ്യയന വർഷം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വേണ്ടി വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>സ്കൂൾ പരിസരങ്ങളിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം വൈവിധ്യമാർന്ന ബോധവത്ക്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് സ്കൂൾ/ കോളേജ് തലത്തിൽ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിന് 2542ലഹരി വിരുദ്ധ ക്ളബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വില്പന നിരോധിച്ചിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ ലഹരിയുടെ വിൽപ്പനയും ഉപഭോഗവും നിയന്ത്രിക്കുന്നതിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമായ രീതിയിൽ നടത്തിവരുന്നു.<br>എല്ലാവർഷവും ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് സ്കൂൾ/ കോളേജ് തലത്തിൽ മികച്ച ലഹരി വിരുദ്ധ ക്ലബ്ബിനും, ക്ലബ്ബ് അംഗത്തിനും കാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകി വരുന്നു. ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണ സൃഷ്ടി ഉൾപ്പെടുത്തിയ കൈയെഴുത്ത് മാഗസിന് അവാർഡ് നൽകി വരുന്നു. |
| (ബി) | ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവല്ക്കരണ ക്യാമ്പയിൻ നടത്തിപ്പിനായി എക്സൈസ് വകുപ്പ് എത്ര തുക വകയിരുത്തിയിട്ടുണ്ട് ; | (ബി) | ലഹരി വർജ്ജനമിഷൻ വിമുക്തിയുടെ ഘട്ടംഘട്ടമായുള്ള പ്രവർത്തനങ്ങൾക്കായി കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലൂടെ സമാഹരിച്ചു വരുന്ന 5% പുനരധിവാസ സെസ്സിൽ നിന്നും 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ 21,72,86,000/- രൂപ പദ്ധതി |

| | | |
|---|---|---|
| | വ്യക്തമാക്കാമോ ? | ചെലവുകൾക്കായി അനുവദിച്ചിട്ടുള്ളതാണ്. എക്സൈസ് വകുപ്പിന് 2017-18 വർഷത്തിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കായി നോൺപ്ലാൻ ഇനത്തിൽ 1 കോടി 50 ലക്ഷം രൂപയും പ്ലാൻ ഫണ്ടായി അൻപത് ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**